പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3028

20.12.2012ൽ
മറുപടിക്ക്

# ചെറുതുരുത്തി തടയണയുടെ നിർമ്മാണം

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം ആരംഭിച്ച ചെറുതുരുത്തി തടയണയുടെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന വസ്തുത സർക്കാരിനറിയുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അപ്രകാരം തടസ്സപ്പെടുവാനുണ്ടായ കാരണങ്ങൾ പറയാമോ ; | (ബി) ഭാരതപ്പുഴയിലെ ശക്തമായ അടിയൊഴുക്ക് മൂലം എസ്റ്റിമേറ്റിലെ വ്യവസ്ഥകളും നിലവിലുള്ള ഡിസൈനും പ്രകാരം പ്രസ്തുത പ്രവർത്തി തുടർന്ന് കൊണ്ടുപോകാൻ സാധിക്കാത്തതിനാലാണ് ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി തടയണ നിർമ്മാണം തടസ്സപ്പെട്ടിരുന്നത്. കൂടാതെ മേൽ പ്രവർത്തിയുടെ കോൺട്രാക്ടർ മരണപ്പെടുകയും തൻമൂലം കരാർ ചെയ്തിട്ടുള്ള എഗ്രിമെന്റ് റദ്ദാകുകയും ചെയ്തിട്ടുള്ളതുമാണ്. |

| | |
|---|---|
| (സി) തടയണയുടെ നിർമ്മാണം പുനരാരംഭിക്കുവാൻ ജല വിഭവ വകുപ്പിൽ നിന്നും റവന്യു വകുപ്പിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br><br>(ഡി) വിശദമായ പഠനങ്ങൾക്കുശേഷം ജലസേചനത്തിനും, കുടിവെള്ള സ്രോതസ്സുകൾക്കും ഏറെ പ്രയോജനം ചെയ്യുവാൻ ലക്ഷ്യമാക്കി ആരംഭിച്ച ഈ തടയണയുടെ നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | (സി) & (ഡി) നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റിലെ വ്യവസ്ഥകളും ഡിസൈനും പ്രകാരം പ്രവർത്തി നിർവഹിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പുതുക്കിയ ഡിസൈൻ പ്രകാരമുള്ള 12 കോടി രൂപ വരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് ജലവിഭവ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചത് തൃശ്ശൂർ ജില്ലാ വിദഗ്ധ സമിതിയുടെ അംഗീകാരത്തോടെ ഭരണാനുമതി ലഭിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ തൃശ്ശൂർ ജില്ലാ കളക്ടർ അയച്ചുതന്നിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ